LIBRARY ARCHIVES Kerala Legislative Assembly

**പരിസ്ഥിതി സൗഹൃദ ഗതാഗത മാർഗ്ഗങ്ങൾ**

30 (*300) ശ്രീ. ഐ.ബി. സതീഷ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഗതാഗത മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി പ്രധാന നഗരങ്ങളിൽ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസ് (CNG) ബസ്സുകളും ബാറ്ററി ഉപയോഗിച്ച് പ്രവർത്തിയ്ക്കുന്ന ബസ്സുകളും നിരത്തിലിറക്കാൻ പദ്ധതിയുണ്ടോ;

(സി) പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിന് ഇത് എങ്ങനെയെല്ലാം സഹായിക്കുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. അന്തരീക്ഷ മലിനീകരണം കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി പ്രധാന നഗരപരിധികളിൽ വാഹനങ്ങളിൽ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസ് (CNG) ഇന്ധനമായി ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ സി.എൻ.ജി. ഉപയോഗിച്ചുള്ള വാഹനങ്ങൾ ഓടിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. ഘട്ടംഘട്ടമായി സ്വീകരിക്കുന്നതാണ്. ആദ്യ ഘട്ടമെന്ന നിലയിൽ എറണാകുളം നഗരത്തിൽ സി.എൻ.ജി. ഉപയോഗിച്ചുള്ള വാഹനം ഓടിക്കുന്നതിലേക്കായി 1000 പുതിയ സി.എൻ.ജി. ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്ന് കെ.എസ്.ആർ.ടി.സി.-ക്ക് വായ്പയായി ലഭ്യമാക്കുമെന്ന് ധനകാര്യമന്ത്രി അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗത്തിൽ കൊണ്ടുവരുന്ന കാര്യവും പരിശോധിക്കുന്നതാണ്.

(സി) സി.എൻ.ജി.-യിലെ കാർബണിന്റെ അളവ് കുറവായതിനാൽ അന്തരീക്ഷ മലിനീകരണവും കുറവായിരിക്കും. കൂടാതെ സി.എൻ.ജി. ഉപയോഗിക്കുമ്പോൾ മറ്റ് ഇന്ധനങ്ങളെക്കാൾ എമിഷൻ ലെവൽ വളരെ കുറവായിരിക്കും. സി.എൻ.ജി.-യുടെ ഗ്രീൻഹൗസ് എമിഷൻ പെട്രോളിയം, ഡീസൽ തുടങ്ങിയ ഇന്ധനങ്ങളുടെ ഗ്യാസ് എമിഷനേക്കാൾ കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്.